# ലോക നന്മയ്ക്കായി പുതുതലമുറ വളരണം :

# ഡോ.മാർ ജോസ് പുളിയ്ക്കൽ

റാന്നി : പരസ്പര സ്നേഹത്തിലൂടെ സമൂഹത്തിന് സഹായത്തിന്റെ കരം നീട്ടി വളരുവാൻ കുട്ടികൾക്ക് കഴിയണമെന്ന് സീറോ മലബാർ സഭ കാഞ്ഞിരപ്പള്ളി രൂപത സഹായ മെത്രാൻ അഭിവന്ദ്യ ഡോ. മാർ ജോസ് പുളിയ്ക്കൽ പറഞ്ഞു. റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിൽ നിലയ്ക്കൽ ഭദ്രാസന ബാലസമാജം ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അഖില മലങ്കര ബാലസമാജം പ്രസിഡന്റും നിലയ്ക്കൽ ഭദ്രാസനാധിപനുമായ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. ഹോളി ട്രിനിറ്റി ആശ്രമം സുപ്പീരിയർ വന്ദ്യ ഔഗേൻ റമ്പാൻ, ഭദ്രാസന കൗൺസിൽ അംഗം റവ.ഫാ.എബി വർഗീസ്, അഖില മലങ്കര ബാലസമാജം ജനറൽ സെക്രട്ടറി റവ.ഫാ.റിഞ്ചു പി.കോശി, ബാലസമാജം ഭദ്രാസന വൈസ്പ്രസിഡന്റ് റവ.ഫാ.ജോസഫ് സാമുവേൽ, സഭാ മാനേജിങ് കമ്മറ്റിയംഗം അഡ്വ.മാത്യൂസ് മഠത്തേത്ത്, നിലയ്ക്കൽ ഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടർ ശ്രീ.ഒ.എം. ഫിലിപ്പോസ്, ബാലസമാജം ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ.ജേക്കബ് തോമസ്, ജോയിന്റ് സെക്രട്ടറി ശ്രീമതി ആനി റ്റോബി തുടങ്ങിയവർ പ്രസംഗിച്ചു.